**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2928

18.06.2018- ൽ മറുപടിയ്ക്ക്

**പാട്ടക്കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക**

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

പാട്ടത്തിനു നൽകിയിട്ടുള്ള തോട്ടങ്ങളിൽ നിന്നും എന്തു തുക പാട്ടക്കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; ഇത് പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ റവന്യൂ വകുപ്പ് മുഖേന തോട്ടങ്ങൾ പാട്ടത്തിന് നൽകിയിട്ടില്ലാത്തതാണ്. കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി, തിമിരി വില്ലേജുകളിലായി സർവ്വെ നമ്പർ 260/1 എ 1-ൽപ്പെട്ട 1503.28 ഹെക്ടർ (3714.62 ഏക്കർ) സർക്കാർ ഭൂമി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയ്ക്ക് 99 വർഷത്തേയ്ക്ക് കശുമാവ് കൃഷിക്കായി പാട്ടത്തിന് അനുവദിച്ചിട്ടുള്ളതും ടി സ്ഥാപനം പാട്ടക്കുടിശ്ശികയിനത്തിൽ 1,42,72,022/- രൂപ ഒടുക്കു വരുത്താനുള്ളതുമാണ്. പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കലഞ്ഞൂർ വില്ലേജിൽ സർവ്വെ നമ്പർ 263, 217/7, 264/5, 252/2-ൽപ്പെട്ട 3.97.29 ഹെക്ടർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുള്ളതും പാട്ടക്കുടിശ്ശികയിനത്തിൽ 26764/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്താനുള്ളതുമാണ്. ഇടുക്കി ജില്ലയിൽ പാട്ടത്തിന് നൽകിയിട്ടുള്ള തോട്ടങ്ങളിൽ നിന്ന് പാട്ടക്കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട തഹസിൽദാർ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പാട്ടത്തിന് നൽകിയ തോട്ടങ്ങളിൽ പാട്ടക്കുടിശ്ശിക നിലവിൽ ഇല്ലാത്തതും എന്നാൽ നെന്മാറ വനം ഡിവിഷനു കീഴിൽ പൊതുമേഖലാ സ്ഥാപനമായ കെ.എഫ്.ഡി.സിയിൽ 7,14,484/- രൂപയും കെ.എസ്.ഇ.ബി-യിൽ 2,652 രൂപയും കുടിശ്ശിക ഉണ്ട്. പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തഹസിൽദാർ മുഖേന ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**